(എഫ്) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ&ബി) സംസ്ഥാനത്ത് സമഗ്ര ആരോഗ്യഗ്രാമങ്ങൾ ആരംഭിക്കുന്നതിന് പരിപാടിയില്ല.

(സി) സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കണമെന്ന വ്യവസ്ഥ ഇല്ല എന്നാൽ, ജി.എം.പി. എന്ന പേരിൽ അറിയപ്പെടുന്ന നിയമവ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്.

(ഡി) ആയുർവേദ, സിദ്ധ, യുനാനി ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 1945-ലെ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ചട്ടങ്ങളിൽ ജി. എം. പി. (ഗുഡ് മാനുഫാക്ചറിംഗ് പ്രാക്റ്റീസ്) എന്ന പേരിൽ അറിയപ്പെടുന്ന വ്യവസ്ഥകൾ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 23-6-2000 മുതൽ ഇതിന് പ്രാബല്യമുണ്ട്. എന്നാൽ നിലവിലുള്ള നിർമ്മാതാക്കൾക്ക് ഈ വ്യവസ്ഥകൾ പാലിക്കുന്നതിനായി രണ്ടുവർഷത്തെ സമയം അനുവദിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(ഇ) ഉണ്ട്.

(എഫ്) പ്രസ്തുത രോഗചികിൽസയ്ക്കായി തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ പീഡിയാട്രിക് ന്യൂറോളജിവിഭാഗം പ്രവർത്തിക്കുന്നു. ഇതു കൂടാതെ ഐ.എസ്.എം. വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ആയുർവേദ മാനസികരോഗാശുപത്രിയും പ്രവർത്തിച്ചുവരുന്നു.

ഉപേക്ഷിക്കപ്പെട്ട മാനസിക രോഗികൾക്ക് പെൻഷൻ പദ്ധതി

12(*297) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ട് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിയുന്ന മാനസിക രോഗികൾക്ക് പെൻഷൻ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദവിവരങ്ങളും ഈ പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ ?

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ&ബി) കേരളത്തിൽ ഗുരുതര സ്വഭാവമുള്ള മാനസികരോഗംമൂലം മാനസിക വൈകല്യം സംഭവിച്ചിട്ടുള്ളവർക്ക് പെൻഷൻ നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

സാംക്രമിക രോഗങ്ങൾ തടയുന്നതിന് നടപടി

13(*298) ശ്രീ. എൻ. കണ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ച നടപടികളുടെ വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ എത്രമാത്രം വിജയകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കുഷ്ഠരോഗം, ക്ഷയം, മന്ത്, മലമ്പനി എന്നീ രോഗങ്ങളുടെ വ്യാപന നിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് 1999-2000 വർഷത്തിൽ സാംക്രമിക രോഗങ്ങൾ പിടിപെട്ടവരുടെയും മരണമടഞ്ഞവരുടേയും വിശദാംശം വെളിപ്പടുത്തുമോ ;

(ഇ) സംസ്ഥാനത്ത് സാംക്രമികരോഗങ്ങൾ തടയുന്നതിനുള്ള നടപടികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(എഫ്) എങ്കിൽ ഇതിനായി പുതിയ ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്.

(ബി) കുഷ്ഠരോഗ നിർമ്മാർജനത്തിന്റെ ഭാഗമായി 1998 മേയ് 25 മുതൽ 30 വരെ സംസ്ഥാനത്ത് മോഡിഫൈഡ് ലപ്രസി എലിമിനേഷൻ കാമ്പെയിൻ നടത്തുകയുണ്ടായി. പ്രസ്തുത കാമ്പെയിൻ പ്രകാരം സംസ്ഥാനത്തെ എല്ലാ വീടുകളും വാർഡ്തലങ്ങളിലുള്ള വോളണ്ടിയേഴ്സിന്റെ സഹായത്താൽ ആരോഗ്യപ്രവർത്തകർ സന്ദർശിച്ചു. വിദഗ്ദ്ധഡോക്ടർമാരുടെ പരിശോധനയിൽ 1913 പേർ പുതുതായി കുഷ്ഠരോഗബാധിതരാണെന്ന് കണ്ടെത്തുകയും അവരെ ചികിത്സയ്ക്ക് വിധേയരാക്കി കുഷ്ഠരോഗത്തിൽനിന്നും മോചനം വരുത്തുകയും

LIBRARY ARCHIVES Kerala Legislative Assembly